അങ്ങ് മറ്റൊരു നിർദ്ദേശം പ്രധാനമായും വച്ചത്, ഈ ബാങ്കുകളുടെ ഒരു യോഗം വിളിച്ചുചേർത്ത് പ്രത്യേക നിർദ്ദേശം നൽകണമെന്നതാണ്. ഈ മേഖലയിലെ പ്രധാനപ്പെട്ട വിഷയങ്ങളാണ് കയർ മേഖലയിലെ തൊഴിലാളികൾക്ക് നേരിടേണ്ടി വരുന്നത് എന്നുള്ളതുകൊണ്ട് തീർച്ചയായും ബാങ്കുകാരുടെ ഒരു യോഗം വിളിച്ചു ചേർക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(10) സ്കൂൾ അദ്ധ്യാപകനായ കെ. കെ. അനീഷിന്റെ മരണം

<u>ശ്രീ. ഇ. കെ. വിജയൻ</u> : സർ, വളരെ ഗൗരവമേറിയ ഒരു വിഷയമാണ് ഈ സബ്മിഷന് ആധാരം. എന്റെ മണ്ഡലത്തിലെ എടച്ചേരി പഞ്ചായത്തിലെ അനീഷ് കുമാർ കെ. കെ, 36 വയസ്സ്, മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർ സെക്കൻഡറി സ്കൂളിൽ അദ്ധ്യാപകനായി ജോലി ചെയ്യുമ്പോൾ ആത്മഹത്യ ചെയ്യാനിടയായി. 2013- ലെ അദ്ധ്യാപക സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ മാനേജ്മെന്റിന് ഈ അദ്ധ്യാപകനോട് വിരോധമുണ്ടായിരുന്നു. അതിന്റെ ഭാഗമായി ഐ.റ്റി. പ്രാക്ടിൽ ഷൂസ് ധരിച്ചുവെന്ന കാരണത്തിന് അനീഷിനെ മാനേജർ സസ്പെൻഡ് ചെയ്യുന്ന നിലപാടുണ്ടായി. സ്കൂളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരനെ അനീഷ് മർദ്ദിച്ചുവെന്ന് പറഞ്ഞ് ഇതിനുസഹായകരമായ ഒരു കേസും നിലവിൽ വന്നു. സ്കൂളിന്റെ പരിസരത്ത് സർക്കാർ ആശുപത്രിയും സ്വകാര്യ ആശുപത്രിയുമുണ്ടെങ്കിൽ പ്പോലും കോഴിക്കോട് ഫറൂഖിലുള്ള കോയാസ് ഹോസ്പിറ്റലിൽ ഇയാളെ ചികിത്സിച്ചു. അയാൾക്ക് സഹായകരമായ രേഖയും അവിടെനിന്നുണ്ടാക്കി. ഈ ആശുപത്രിക്ക് ഇങ്ങനെ ചികിത്സിക്കാനുള്ള ലൈസൻസോ രജിസ്ട്രേഷനോ ഉണ്ടായിരുന്നില്ലായെന്ന് പിന്നീട് അനീഷ് വിവരാവകാശ നിയമപ്രകാരം ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയതിനെത്തുടർന്ന് മനസ്സിലായി. ഇതുമായി ബന്ധപ്പെട്ട് സസ്പെൻഷനിലായ അനീഷിനെ പിന്നീട് ഡിസ്മിസ് ചെയ്യുന്ന അവസ്ഥയിലാണ് എത്തിച്ചേർന്നത്. സ്കൂൾ മാനേജർ ശ്രീമതി ബിയാത്തുമ്മ യാണെങ്കിലും അവരുടെ മകനും പഞ്ചായത്തു പ്രസിഡന്റുമായ ശ്രീ. സെയ്ദലവി എന്ന കുഞ്ഞാപ്പു ആണ് സ്കൂളിന്റെ ദൈനംദിന വിഷയങ്ങളിലുൾപ്പെടെ ഇടപെടുന്നത്. പി.ടി.എ. യോഗത്തിലും സ്റ്റാഫ് യോഗത്തിലും വരെ ഇദ്ദേഹം പങ്കെടുക്കാറുണ്ട്. പി.ടി.എ. പ്രസിഡന്റിനെവരെ എത്രയോ വർഷം ഇദ്ദേഹമാണ് നിയമിച്ചിരുന്നത്. ഒരാൾതന്നെയാണ് പി.ടി.എ. പ്രസിഡന്റായി തുടർന്നു പോന്നിരുന്നത്. മരണത്തെത്തുടർന്നാണ് പുതിയ പി.ടി.എ. പ്രസിഡന്റ് അവിടെ വന്നത്. ഡിസ്മിസ് ചെയ്യുന്ന സാഹചര്യമുണ്ടായപ്പോൾ അതിൽ മനംനൊന്താണ് അനീഷ് മലമ്പുഴയിലെ ഫാന്റസി പാർക്കിന് സമീപമുള്ള ലോഡ്ജിൽ വച്ച്

LIBRARY ARCHIVES Kerala Legislative Assembly

ആത്മഹത്യ ചെയ്തത്. അനീഷിന് ഭാര്യയും ഒരു പിഞ്ചുകുഞ്ഞുമാണുള്ളത്. ഏറെ ധിക്കാരവും പ്രതിഷേധാർഹവുമായ നിലയിലാണ് മാനേജ്മെന്റിന്റെ പ്രവർത്തനം ഉണ്ടായത്. സർക്കാർ ശമ്പളം കൊടുക്കുകയും മാനേജ്മെന്റിന് ഇഷ്ടംപോലെ അദ്ധ്യാപകരുടെ അവകാശങ്ങളുടെ നേർക്ക് കൈവയ്ക്കാൻ അധികാരമുണ്ടെന്ന നിലയിലേക്ക് വരുന്നത് ഈ നാടിന് അപമാനമുണ്ടാക്കുന്ന മൊത്തം എയ്ഡഡ് മേഖലയ്ക്ക് വെല്ലുവിളിയുണ്ടാക്കുന്ന സാഹചര്യമാണ്. അനീഷ് ഈ ആത്മഹത്യയിലൂടെ എയ്ഡഡ് മാനേജ്മെന്റിന്റെ പ്രവർത്തനങ്ങളുടെ രക്തസാക്ഷിയായി മാറുകയാണ്. ഇപ്പോൾ ഈ കേസ് ക്രൈംബ്രാഞ്ച് നടത്തുന്നുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി രേഖാമൂലം മറുപടി തന്നത്. മനുഷ്യാവകാശ കമ്മീഷനും ഇതുമായി ബന്ധപ്പെട്ട് ഒരു കേസ് എടുത്തിട്ടുണ്ട്. എന്നാൽ ആത്മഹത്യയിലേയ്ക്ക് തള്ളിവിട്ട സാഹചര്യങ്ങൾ പൊതുവേ മനസ്സിലായതാണെങ്കിലും ഇതുവരെ പ്രതികളെ കണ്ടെത്തുകയോ കേസെടുക്കുകയോ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ അന്വേഷണം ശക്തിപ്പെടുത്തിക്കൊണ്ട് മാതൃകാപരമായ നടപടികൾ സ്വീകരിച്ച് കുറ്റക്കാരെ ശിക്ഷിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ഭാര്യയ്ക്കും കുട്ടിക്കും ജീവിക്കാനുള്ള സഹായവും ഇതിന്റെ ഭാഗമായി ഉണ്ടാകണം. മാനേജ്മെന്റിന്റെ ധിക്കാരപരമായ നടപടിക്കെതിരെ സ്കൂളിലെ ഭരണ-പ്രതിപക്ഷ ഭേദമന്യേ എല്ലാ അദ്ധ്യാപക സംഘടനകളും അനീഷിന്റെ രക്ഷിതാക്കളും ബഹുമാന്യരായ കേരളത്തിന്റെ മുഖ്യമന്ത്രി, ആഭ്യന്തര വകുപ്പുമന്ത്രി, പ്രതിപക്ഷ നേതാവ് എന്നിവരെ കണ്ട് അവരുടെ പരിവേദനങ്ങൾ രേഖാമൂലം നിവേദനമായി നൽകിയതാണ്. കേരളത്തിലെ എയ്ഡഡ് മേഖല അദ്ധ്യാപകരോടും എയ്ഡഡ് വിദ്യാലയങ്ങളോടും കാണിക്കുന്ന ഇത്തരം നിലപാടിനെതിരെ ശക്തമായ പ്രതിഷേധം കൂടി രേഖപ്പെടുത്തിക്കൊണ്ട് ഇതിന് ശാശ്വതമായ പരിഹാരമുണ്ടാക്കാനുള്ള നടപടികൾ ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുന്നതാണ് എന്റെ സബ്മിഷൻ.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, മലപ്പുറം മുന്നിയൂർ ഹയർസെക്കൻഡറി സ്കൂളിലെ സോഷ്യൽ സ്റ്റഡീസ് അദ്ധ്യാപകനായ അനീഷ്, 35 വയസ്സ്, മലമ്പുഴ ഉല്ലാസ് ലോഡ്ജിലെ 104-ാം നമ്പർ മുറിയിൽ രക്തംവാർന്ന് മരിച്ചുകിടക്കുന്നതായി 2-9-2014-ന് പുലർച്ചെ കാണപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട് ലോഡ്ജ് മാനേജർ ഹരിദാസിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ സി.ആർ.പി.സി. 174-ാം വകുപ്പ് പ്രകാരം ക്രൈം നമ്പർ 405/2014 ആയി മലമ്പുഴ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തിയതിൽ കഴുത്തിനേറ്റ ആഴത്തിലുള്ള മുറിവാണ് മരണകാരണമെന്ന് വെളിവായി. ഈ

LIBRARY ARCHIVES Kerala Legislative Assembly

കേസ് അന്വേഷണം മലമ്പുഴ പോലീസ് സബ് ഇൻസ്പെക്ടർ നടത്തി വരവെ കൂടുതൽ കാര്യക്ഷമമായ അന്വേഷണത്തിനുവേണ്ടി ജില്ലാ ക്രൈംബ്രാഞ്ചിന് വിട്ടുകൊടുക്കുകയുണ്ടായി മരണപ്പെട്ട അനീഷിന്റെ ഭാര്യ ഷൈനി, മാതാവ് ശാന്തകുമാരി, പിതാവ് കുമാരൻ, സഹപ്രവർത്തകനായ രതീഷ് തുടങ്ങിയവരുടെ മൊഴി രേഖപ്പെടുത്തി അന്വേഷണം നടത്തിയതിൽ സ്ക്കൂളിലുണ്ടായ ചില പ്രശ്നങ്ങളുടെ പേരിൽ അനീഷിനെ സസ്പെൻഡ് ചെയ്യുകയും തുടർന്ന് ഡി.ഡി.ഇ. യുടെ ഉത്തരവുപ്രകാരം 30-5-2014-ൽ സർവ്വീസിൽനിന്ന് പിരിച്ചുവിടുകയും ചെയ്ത മനോവിഷമത്തിലാണ് അനീഷ് ആത്മഹത്യ ചെയ്തതെന്ന് മേൽപ്പറഞ്ഞവർ മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ സി.ആർ.പി.സി. 174 ഭേദഗതി ചെയ്ത് ഐ.പി.സി. 306, 34 എന്നീ വകുപ്പുകൾ ചേർത്ത് അന്വേഷിച്ചുകൊണ്ട് 18-6-2014-ൽ ബഹുമാനപ്പെട്ട കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്.

(11) ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ ട്രേഡ് കോഴ്സ്

<u>ശ്രീ. എ. റ്റി. ജോർജ്ജ്</u>: സർ, ഐ.ടി.ഐ.-കളിൽ പഠിപ്പിച്ചുവരുന്ന ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡ് കേരള പി.എസ്.സി. അംഗീകരിക്കാത്തതിനെ സംബന്ധിച്ചും ജോലി സാധ്യതയുള്ള പ്രസ്തുത ട്രേഡ് കേരളത്തിൽ നിർത്തുവാനുള്ള നീക്കം ഒഴിവാക്കണമെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനുമാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ദേശീയ തലത്തിലും സംസ്ഥാനങ്ങളിലും കേന്ദ്ര ഗവൺമെന്റ് വകുപ്പുകളിലും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലും വിവിധ സ്വകാര്യ മേഖലകളിലും വളരെയധികം തൊഴിൽ സാധ്യതയുള്ള ഒരു കോഴ്സാണ് ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡ്. കേന്ദ്ര തൊഴിൽ വകുപ്പിലും നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിനും ഉത്തമബോധ്യം വന്നതിന്റെ അടിസ്ഥാനത്തിൽ 2008 മുതൽ തൊഴിൽ സാധ്യതയുള്ള ആധുനിക ട്രേഡുകളുടെ കൂട്ടത്തിൽ പ്രാധാന്യം നൽകി എൻ.സി.വി.റ്റി. യുടെയും എസ്.സി.വി.റ്റി. യുടെയും നേതൃത്വത്തിൽ നടത്തിവരുന്ന ഒരു വർഷത്തെ ദൈർഘ്യമുള്ള കോഴ്സാണിത്. കേന്ദ്ര ഗവൺമെന്റിന്റെ വിവിധ വകുപ്പുകളും റെയിൽവേ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളും വിവിധ സംസ്ഥാനങ്ങളിൽ പി.എസ്.സി.-കളും ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡിനെ അംഗീകരിക്കുകയും തൊഴിൽ നൽകിവരികയുമാണ്. പഞ്ചായത്ത് വകുപ്പിലെ സാനിട്ടറി ഇൻസ്പെക്ടർ തസ്തികയ്ക്കും ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയ്ക്കും മറ്റു സമാന വകുപ്പുകളിലെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയ്ക്കും എച്ച്.എസ്.ഐ. ട്രേഡ് സർട്ടിഫിക്കറ്റ് യോഗ്യതയാക്കാവുന്നതാണെന്ന് എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly